## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *536 | 24.10.2011-ലെ മറുപടിക്ക് |
|---|---|

### ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീമതി. കെ.എസ് സലീഖ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ തടയുന്നതിനുള്ള 1954 -ലെ പി.എഫ്.എ ആക്റ്റിനു പകരം കേന്ദ്ര സർക്കാർ പുതിയ നിയമം ആവിഷ്ക്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. 1954 -ലെ പി.എഫ്.എ ആക്ടിനു പകരമായി 2006 -ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് ആക്ട് എന്ന നിയമം 2011 ആഗസ്റ്റ് 5 മുതൽ രാജ്യമൊട്ടാകെ നിലവിൽ വന്നിട്ടുണ്ട്. |
| ബി)എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) മായം ചേർക്കൽ നിരോധന നിയമത്തിന് പകരമായി നിലവിൽ വന്ന ഭക്ഷ്യസുരക്ഷാ നിലവാര നിയമം 2006 -ൽ മൾട്ടി ലവൽ ആന്റ് മൾട്ടി ഡിപ്പാർട്ടുമെന്റൽ കൺട്രോൾ ഒഴിവാക്കിയിരിക്കുന്നു. അതിൻ പ്രകാരം ഭക്ഷണ സുരക്ഷയും ഭക്ഷണത്തിന്റെ നിലവാരത്തെയും ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന മുഴുവൻ നിയമങ്ങളും ഇല്ലാതാകുകയോ പുതിയ നിയമത്തിലേക്ക് ചേർക്കുകയോ ചെയ്തിട്ടുണ്ട്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയും സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ കമ്മീഷണറുമാണ് നിയമം നടപ്പിലാക്കുന്നത്. ഈ നിയമപ്രകാരം ലൈസൻസ് നൽകേണ്ടത് കേന്ദ്രതലത്തിൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയും സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള ജില്ലാതല 'ഡസിഗ്നേറ്റഡ് ഓഫീസർ' മാരുമാണ്. ആരോഗ്യത്തിന് |

| | |
|---|---|
| | ഹാനികരമായ ഭക്ഷണം ഉൽപ്പാദിപ്പിക്കുന്നതും വിൽക്കുന്നതിന് ജയിൽ ശിക്ഷയും അല്ലാത്തവർക്ക് അഡ്ജൂഡിക്കേഷൻ വഴി ഫൈനും, ഉദ്യോഗസ്ഥ തലത്തിൽ കോമ്പൗണ്ടിംഗും വ്യവസ്ഥ ചെയ്തിട്ടുണ്ട്. വ്യാപാരികൾ മായം ചേർക്കലിലൂടെ നേടിയ ലാഭത്തിന്റെ തോതനുസരിച്ച് പത്ത് ലക്ഷം രൂപ വരെ ഫൈൻ ഈടാക്കാൻ നിയമം അനുശാസിക്കുന്നുണ്ട്. |
| സി) പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ടോ; | സി) ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് ആക്ട് 2006 എല്ലാ സംസ്ഥാനങ്ങളിലും 2011 ആഗസ്റ്റ് 5 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |
| ഡി) പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | ഡി) ഈ നിയമപ്രകാരം ഫുഡ് സേഫ്റ്റി കമ്മീഷണറേയും, ജില്ലാ തലത്തിൽ ഡെസിഗ്നേറ്റഡ് ഓഫീസർമാരെയും മറ്റ് ലോക്കൽ ഏരിയകളിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്. കേസ്സുകൾ തീർപ്പാക്കുന്നതിനായി അഡ്ജൂഡിക്കേറ്റിംഗ് ഓഫീസർമാരെയും, അപ്പീൽ കേൾക്കുന്നതിനായി അപ്പലേറ്റ് ട്രൈബ്യൂണലുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. ഭക്ഷ്യ പരിശോധന ലബോറട്ടറികളുടെ ഗുണനിലവാരം ഉയർത്തുന്നതിനും NAML അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനും ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഇ) പകർച്ചവ്യാധികൾ വൻതോതിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ നിയമപ്രകാരം ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകൾ നടക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>എഫ്) എങ്കിൽ അത് പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഇ) & (എഫ്) ആഗസ്റ്റ് 5, 2011 മുതൽ നിലവിൽ വന്ന 2006-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് ആക്ട് പ്രകാരമുള്ള പരിശോധന ചില നടപടി ക്രമങ്ങൾ പൂർത്തീകരിച്ച ശേഷം പുനരാരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ